## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. *256

18 .08.2017-ൽ
മറുപടിയ്ക്ക്

## വസ്തുകരം ഓൺലൈനായി അടയ്ക്കുന്നതിലെ പ്രശ്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ്ഹുസൈൻ തങ്ങൾ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വസ്തുകരം ഫ്രണ്ട്സ്, അക്ഷയ കേന്ദ്രങ്ങൾ എന്നിവ വഴി അടയ്ക്കുമ്പോൾ ഉണ്ടാകുന്ന സോഫ്റ്റ് വെയർ പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കാമോ; പ്രസ്തുത വിവരങ്ങൾ യഥാസമയം വില്ലേജ് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) ഫ്രണ്ട്സ് കേന്ദ്രങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ നടപ്പിലാക്കിയിരിക്കുന്നത് കേരള സ്റ്റേറ്റ് ഐ. റ്റി. മിഷനാണ്. പ്രസ്തുത സോഫ്റ്റ്വെയറിന്റെ പരിപാലനവും പുതുക്കലും പ്രശ്നപരിഹാരവും നിർവഹിക്കുന്നതും ടി സ്ഥാപനം തന്നെയാണ്. 2012 മുതൽ ഫ്രണ്ട്സ് ജനസേവനകേന്ദ്രങ്ങൾ വഴി വസ്തുക്കരം സ്വീകരിക്കുന്നില്ല. ആയതിനു പകരമായി റവന്യൂ വകുപ്പ് നടപ്പിലാക്കി വരുന്ന സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കിയ വില്ലേജുകളിൽ ഓൺലൈനായി ഭൂനികുതി ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സൗകര്യം റവന്യൂ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനത്തിലൂടെ ഒടുക്കുന്ന നികുതി തത്സമയം ബന്ധപ്പെട്ട വില്ലേജ് രജിസ്റ്ററിലും ഓൺലൈനായി അപ്ഡേറ്റ് ചെയ്യപ്പെടും. ഇതിനായി ഉപയോഗിക്കുന്ന റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന സോഫ്റ്റ് വെയറിൽ എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് ടി സോഫ്റ്റ്വെയർ വികസിപ്പിച്ച നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) വില്ലേജ് ഓഫീസുകൾ വഴി ചെയ്യേണ്ടതും നടപ്പിലാക്കേണ്ടതുമായ പ്രവർത്തനങ്ങൾ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തതിനാൽ | (ബി) സംസ്ഥാനത്തെ വില്ലേജുകളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ചുവടെ ചേർക്കുന്നു:-<br>വില്ലേജ് ഓഫീസർ -1<br>സ്പെഷ്യൽ വില്ലേജ് ഓഫീസർ -1 |

| | |
|---|---|
| തടസ്സപ്പെടുന്ന കാര്യം പരിശോധിക്കുമോ; | വില്ലേജ് അസിസ്റ്റന്റ് -1<br>വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് -2<br>പി. റ്റി. എസ് -1<br><br>അധികജോലിഭാരമുള്ള കസബ, ഗ്രൂപ്പ് വില്ലേജുകളിൽ ആവശ്യമുള്ള പക്ഷം മേൽപ്പറഞ്ഞതിൽ നിന്നും അധികമായി ഒരു എസ്. വി. ഒ. അല്ലെങ്കിൽ വി. എ. തസ്തികയിലുള്ള ജീവനക്കാരെ നിയമിച്ച് വില്ലേജിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും അടിയന്തിര സ്വഭാവമുള്ള പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാനുമുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെ അനുവദിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ഒരു പഠനം നടത്തുകയും വില്ലേജുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ടെത്തി ജോലിഭാരം കൂടുതലുള്ള വില്ലേജുകളിൽ അധികമായി ഒരു തസ്തിക സൃഷ്ടിക്കാൻ നിർദ്ദേശിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷൻ വില്ലേജുകളിൽ ഒരു എസ്. വി. ഒ/ വി. എ. തസ്തിക സൃഷ്ടിക്കാൻ ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ശുപാർശ നടപ്പിലാക്കുന്നതു മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യതകളുൾപ്പെടെയുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ